കൊക്കോ സംസ്ക്കരണ യൂണിറ്റ്

* 64 [73] ശ്രീ. എൻ. പി. മൊയ്തീൻ:

,, ടി. എ. മജീദ്:

,, സി. പി. ഗോവിന്ദൻ നമ്പ്യാർ:

,, സ്റ്റീഫൻ പാദുവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊക്കോ സംസ്ക്കരണ യൂണിറ്റ് സ്ഥാപിക്കാനുള്ള നടപടികൾ എത്രമാത്രം പുരോഗമിച്ചു;

(ബി) ഈ യൂണിറ്റ് എപ്പോൾ സ്ഥാപിക്കുമെന്നും പ്രവർത്തനം ആരംഭിക്കാമെന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ഇപ്പോൾ പ്രതിവർഷം എത്ര കൊക്കോ ഉൽപ്പാദിപ്പിക്കുന്നു?

കൃഷി വകുപ്പു മന്ത്രി (ശ്രീ. എ. എൽ. ജേക്കബ്):

(എ) പൊതുമേഖലയിൽ ഒരു കൊക്കോ സംസ്ക്കരണയൂണിറ്റ് സ്ഥാപിക്കുവാൻ കേരള അഗ്രോഇൻഡസ്ട്രീസ് കോർപ്പറേഷനു ഗവൺമെൻറ് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. അഗ്രോഇൻഡസ്ട്രീസ് കോർപ്പറേഷൻ ഈ കാര്യത്തിൽ വേണ്ട നടപടികൾ എടുത്തുവരുന്നു.

(ബി) എത്രയുംവേഗം ഇതിന്റെ പ്രവർത്തനം ആരംഭിക്കണമെന്നാണ് ഗവൺമെൻറ് ആഗ്രഹിക്കുന്നത്.

(സി) ഉദ്ദേശം 3,000 മെട്രിക് ടൺ.

ശ്രീ. എം. പി. മൊയ്തീൻ: കൊക്കോ സംസ്ക്കരണയൂണിറ്റ് ഏതു സ്ഥലത്താണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്; ഇതിനു ചെലവാക്കാൻ ഉദ്ദേശിക്കുന്ന സംഖ്യ എത്രയാണ്?

ശ്രീ. എ. എൽ. ജേക്കബ്: തൽക്കാലം കോട്ടയത്തു ഒരു യൂണിറ്റ് സ്ഥാപിക്കുന്നതിനുവേണ്ടി സ്ഥലം എടുക്കാൻ കോട്ടയം കളക്ടർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. തുക തീരുമാനിച്ചിട്ടില്ല.

ശ്രീ. ടി. എ. മജീദ്: എപ്പോഴേക്ക് ഈ പ്ലാൻറ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ശ്രീ. എ. എൽ. ജേക്കബ്: കുറച്ചു സമയമെടുക്കും അതിന്.

ശ്രീ. ടി. എ. മജീദ്: അതിന്റെ പ്ലാൻറിനു ഓർഡർ കൊടുത്തിട്ടുണ്ടോ?

ശ്രീ. എ. എൽ. ജേക്കബ്: നോ ഹൗ കൂടാതെ ഓർഡർ കൊടുക്കാൻ പറ്റുകയില്ല. പത്തിരുപത്തിമൂന്നു രാജ്യങ്ങളുമായി എഴുത്തുകുത്തിൽ ഇരിക്കുകയാണ്. ചീഫ് മിനിസ്റ്റർ റഷ്യക്കാരോടും ആവശ്യപ്പെട്ടിട്ടുണ്ട്. നോ ഹൗ കിട്ടാൻ വളരെ ബുദ്ധിമുട്ടാണ്. ആരും തരുകയില്ല, ശ്രമിച്ചു കൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എ. മജീദ്: ഇവിടെ ഉൽപ്പാദിപ്പിക്കുന്ന ജേക്കബ് ചോക്ലേറ്റ് ഞങ്ങൾക്ക് ലഭ്യമാകാൻ വളരെ താമസമുണ്ടാകുമോ?

ശ്രീ. എ. എൽ. ജേക്കബ്: കുറച്ചൊക്കെ താമസിച്ചുവെന്നു വരും.

ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ: ഈ സംസ്ക്കരണകേന്ദ്രത്തിൽ എന്തെല്ലാം സാധനങ്ങളാണ് ഉൽപ്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. എ. എൽ. ജേക്കബ്: കൊക്കോ പൊടി ആദ്യമായിട്ട്. ചോക്ലേറ്റ്, ഐസ്ക്രീം അങ്ങനെ മധുരമുള്ള സാധനങ്ങൾ, രുചിയുള്ള സാധനങ്ങൾ ആണ് ഉണ്ടാക്കാൻ ഉദ്ദേശിക്കുന്നത്.

ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ: കൊക്കോകൃഷി പ്രോത്സാഹിപ്പിക്കുന്നതിനു ഗവൺമെൻറ് എന്തെങ്കിലും സഹായം കൃഷിക്കാർക്ക് നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ എന്താണ്?

ശ്രീ. എ. എൽ. ജേക്കബ്: തൽക്കാലം 2,840 രൂപ ഒരേക്കർ സ്ഥലത്തു കൃഷി ചെയ്യാൻ ഉദ്ദേശിക്കുന്ന കൃഷിക്കാർക്ക് സഹായമായല്ല, ലോണായി നമ്മുടെ ഭൂപണയബാങ്കിൽനിന്നും കൊടുക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. തുടങ്ങുന്ന അവസരത്തിൽ അതിന്റെ പകുതിയും ബാക്കി രണ്ടു തവണകളായും കൊടുക്കും. 11 കൊല്ലത്തിനുള്ളിൽ തിരിച്ചടക്കാനുള്ള വ്യവസ്ഥയിൽ പത്തുശതമാനം പലിശയ്ക്കാണ് കൊടുക്കുന്നത്.

ശ്രീ. സ്റ്റീഫൻ പാദുവ: കൊക്കോയിൽനിന്നു കാഡ്ബറി ചോക്ലേറ്റ് ഉണ്ടാക്കുന്നുണ്ട്. അതുപോലെ കേരളത്തിൽ ഉണ്ടാക്കുന്ന ചോക്ലേറ്റിനു ജേക്കബ് ചോക്ലേറ്റ് എന്ന പേര് നൽകാൻ തയ്യാറാകുമോ?

ശ്രീ. എ. എൽ. ജേക്കബ്: ആ നിർദ്ദേശത്തെ സ്വാഗതം ചെയ്യുന്നു.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: നമ്മുടെ സംസ്ഥാനത്തു വ്യാപകമായി കൊക്കോകൃഷി നടത്തി തുടങ്ങിയിട്ടുണ്ട്. കൊക്കോ സംസ്ക്കരണം താമസിക്കുന്തോറും കുത്തകമുതലാളിമാരുടെ സംഭരണം നിലനിൽക്കുന്നിടത്തോളം കോടിക്കണക്കിനു രൂപ കൃഷിക്കാരനു നഷ്ടപ്പെടുമെന്ന കാര്യം ഗവൺമെൻറിനും അറിയാം. അതുപോലെ കേരളത്തിൽമാത്രം കൃഷി ചെയ്യുന്ന ജാതി, ഗ്രാമ്പൂവ്, ഏലം തുടങ്ങിയ സാധനങ്ങൾക്ക് യഥാർത്ഥ വിലയുടെ നാലിലൊന്നു വിലപോലും കിട്ടുന്നില്ലെന്നുള്ളതു മനസ്സിലാക്കി അതിനു ഒരു സമഗ്രമായ പരിപാടി ആവിഷ്ക്കരിക്കാൻ ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീ. എ. എൽ. ജേക്കബ്: ഇതിനുവേണ്ടി ഒരു സ്പെഷ്യലാഫീസറെ നിയമിച്ചിട്ടുണ്ട്. ശ്രീ. സാഗീർ, ഐ. എ. എസ്. തൽക്കാലം പ്രോസസിംഗ് നടത്താൻ ഉദ്ദേശിക്കുന്നില്ല. പിന്നെ, കളക്ട് ചെയ്തിട്ട ഫെർമെൻറ് ചെയ്തു എക്സ്പോർട്ട് ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. അങ്ങനെയാകുമ്പോൾ കൃഷിക്കാരനു ബുദ്ധിമുട്ടുണ്ടാകുകയില്ല.

ശ്രീ. ആര്യാടൻ മുഹമ്മദ്: കൊക്കോ സംസ്ക്കരണയൂണിറ്റ് കോട്ടയം പ്രദേശത്തു തുടങ്ങാനുദ്ദേശിക്കുന്നു എന്നു പറഞ്ഞു. മലയോരപ്രദേശത്താണ് കൊക്കോ കൂടുതൽ കൃഷിചെയ്യുന്നതും കൃഷിചെയ്യാൻ

LIBRARY ARCHIVES Kerala Legislative Assembly

സാധ്യതയുള്ളതും എന്നതു പരിഗണിച്ച് വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന ഒരു ജില്ലയിലെ മലയോരപ്രദേശത്ത് ഈ യൂണിറ്റ് തുടങ്ങാൻ വേണ്ട നടപടി എടുക്കുമോ?

ശ്രീ. എ. എൽ. ജേക്കബ്: കോട്ടയവും ഒരു മലയോരപ്രദേശം തന്നെയാണ്. ഇപ്പോഴത്തെ തൽക്കാലം കോട്ടയത്തും അതുകഴിഞ്ഞ് ഓരോ ഡിസ്ട്രിക്ടിലും തുടങ്ങണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. പി. സി. ജോസഫ്: കൊക്കോ സംസ്കരണത്തെക്കുറിച്ചുള്ള സാങ്കേതിക വൈദഗ്ദ്ധ്യം കാഡ്ബറീസ് എന്ന കുത്തകക്കമ്പനിയുടെ സ്വന്തമാണെന്ന് ബോധ്യമായിരിക്കുന്ന സന്ദർഭത്തിൽ അതു കിട്ടുക അത്ര എളുപ്പമല്ലെന്നുള്ളതു മനസ്സിലാക്കാൻ ഒരു പ്രയാസവുമില്ല. കേരളത്തിലെ കർഷകരുടെ ഉൽക്കണ്ഠ ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരത്തിൽ കാണാത്തതുകൊണ്ട് അതിന്റെ ഗൗരവം മനസ്സിലാക്കി സാങ്കേതിക വൈദഗ്ദ്ധ്യം എത്രയും പെട്ടെന്ന് കണ്ടുപിടിക്കുന്നതിനുള്ള ഏർപ്പാട് ചെയ്യുമോ? കയറ്റി അയച്ചാൽ കൊക്കോയ്ക്ക് വില കിട്ടുകയില്ല. ഇപ്പോഴത്തെന്നെ ഒരു കിലോ കൊക്കോയ്ക്ക് ആറു (6) രൂപ കുറഞ്ഞിരിക്കുകയാണ്. കൃഷിക്കാരുടെ ബുദ്ധിമുട്ടിൽ ഈ ഗവൺമെന്റിന് ഉൽക്കണ്ഠയില്ലെന്നുള്ളത് ഉത്തരത്തിൽനിന്നും മന്ത്രിയുടെ മുഖഭാവത്തിൽനിന്നും വ്യക്തമാകുന്നതുകൊണ്ട് ഒരു കൊക്കോക്കൃഷിക്കാരൻ കൂടിയായ എനിക്ക് അതിയായ ഖേദമുണ്ട്. അതുകൊണ്ട് ആവശ്യമായ നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

ശ്രീ. എ. എൽ. ജേക്കബ്: ബഹുമാനപ്പെട്ട മെമ്പർ ചിരിച്ചുകൊണ്ടാണിപ്പോഴും സംസാരിച്ചത്. അതുകൊണ്ടുതന്നെ അദ്ദേഹത്തിന് ഉൽക്കണ്ഠയില്ലെന്നു മനസ്സിലാക്കാൻ കഴിഞ്ഞു. ഉടനെ വേണ്ടതു ചെയ്യുന്നതിനുവേണ്ടി ഒരു സ്പെഷ്യലാഫീസറെ നിയമിച്ചിട്ടുണ്ട്.

ശ്രീ. ഇ. പി. ഗോപാലൻ: ഇപ്പോഴും ഉദ്ദേശിക്കുന്നതു കൊക്കോ സംസ്കരിക്കുകമാത്രമാണോ അതോ മധുരപലഹാരങ്ങളിൽ ചേർക്കത്തക്കവിധത്തിലുള്ള പരിപാടി കൂടിയുണ്ടോ?

ശ്രീ. എ. എൽ. ജേക്കബ്: പൊടിയുണ്ടാക്കാനാണ് ആദ്യം ഉദ്ദേശിക്കുന്നത്. എന്നിട്ട് ആ പൊടി മറ്റുരാജ്യങ്ങളിലേക്ക് കയറ്റി അയക്കും.

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണ പിള്ള: സംസ്കരണ യൂണിറ്റുണ്ടാക്കുന്നതിനുമുൻപായി ഇതു വിറ്റഴിക്കുന്നതിനുള്ള ഏർപ്പാടു ചെയ്യുമോ? ബ്ലോക്കു മുഖാന്തിരമോ ഏലാവികസന യൂണിറ്റുമുഖാന്തിരമോ കൊക്കോ വാങ്ങി വിൽക്കാനുള്ള ഏർപ്പാടു ചെയ്യുമോ?

ശ്രീ. എ. എൽ. ജേക്കബ്: ഇത് കോ-ഓപ്പറേറ്റീവ് അടിസ്ഥാനത്തിലാണ് നടത്താനുദ്ദേശിക്കുന്നത്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ചിരിച്ചതുകൊണ്ട് ഉൽക്കണ്ഠയില്ലാതാകുന്നില്ല. ആരും നോ ഹൗ തരുന്നില്ല എന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിൽനിന്നാണ് ഈ ഉൽക്കണ്ഠയുണ്ടായത്. സ്പെഷ്യലാഫീസറെ നിയമിച്ചതുകൊണ്ടുമാത്രം കാര്യമില്ല. മുൻപു ജാതിവച്ചുപിടിപ്പിച്ചപ്പോഴത്തെ അതിന്റെ റിലയിടിഞ്ഞപ്പോഴാണ് കൊക്കോക്കൃഷി തുടങ്ങിയത്. ഇപ്പോഴും ഇതും മന്ദീഭവിച്ചിട്ടുണ്ടെന്നുള്ളതു കണക്കിലെടുത്ത് ഗവൺമെന്റ് ഇതിന്റെ ഉത്തരവാദിത്വം ഏറ്റെടുത്ത് ഈ നടപടി ത്വരിതപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എൽ. ജേക്കബ്: സ്പെഷ്യലാഫീസർ കാര്യമായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. കൂടാതെ ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനും പ്രവർത്തിക്കുന്നുണ്ട്. ചീഫ് മിനിസ്റ്റർ ഇതിനുവേണ്ടി റഷ്യയിലുള്ള ഒരു കമ്പനിയുമായി കോൺടാക്ട് ചെയ്തുകൊണ്ടിരിക്കുകയാണ്. നോ ഹൗ കിട്ടിക്കഴിഞ്ഞാൽ വേണ്ടതുചെയ്യാം.

ശ്രീ. പി. ജെ. ജോസഫ്: ഇൻഡ്യയിലെ രണ്ടു കമ്പനികളും മാത്രമാണ് മുഖ്യമായും ഇവ വാങ്ങിച്ചുകൊണ്ടിരിക്കുന്നത്. ഇന്ന് വൻതോതിൽ കൊക്കോ ഇറക്കുമതി ചെയ്യുന്നുണ്ട്. കുത്തകയുടെ അടിസ്ഥാനത്തിൽ മറ്റാരും വാങ്ങിക്കാൻ ഇല്ലാതെവരുന്ന അവസരത്തിൽ വില വളരെ കാര്യമായി കുറഞ്ഞുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് വിലനിലവാരം ഒരു നിശ്ചിതതോതിൽ താഴാതിരിക്കാനും ഇറക്കുമതി നിയന്ത്രിക്കുന്നതിനും കേന്ദ്രത്തോടാവശ്യപ്പെടാനും വേണ്ടതു ചെയ്യുമോ?

ശ്രീ. എ. എൽ. ജേക്കബ്: അതെപ്പറ്റി ആലോചിക്കാം.

ലോകബാങ്കിന്റെ ഫണ്ടുപയോഗിച്ച് ആവിഷ്ക്കരിച്ച ടി. ആൻറ് വി. പദ്ധതി

*65 [74] ശ്രീ. സി. വാസുദേവമേനോൻ:

,, കെ. അനിരുദ്ധൻ:

,, പി. വി. കുഞ്ഞിക്കണ്ണൻ:

,, ചടയൻ ഗോവിന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ:

(എ) ലോകബാങ്കിന്റെ ഫണ്ടുപയോഗിച്ച് സംസ്ഥാനങ്ങളിലെ ദരിദ്ര കൃഷിക്കാരുടെ ഉന്നമനം ലക്ഷ്യമാക്കി കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ച ടി. ആൻറ് വി. പദ്ധതി ഈ സംസ്ഥാനത്ത് നടപ്പാക്കാൻ എന്തെല്ലാം നടപടികളും സ്വീകരിച്ചിട്ടുണ്ട്;

(ബി) ഏതെല്ലാംതരത്തിലുള്ള പ്രയോജനമാണ് ഈ പദ്ധതിമൂലം കർഷകർക്കു ലഭിക്കുന്നത്;

(സി) ഈ പദ്ധതിക്ക് സംസ്ഥാനത്തിന് അനുവദിച്ചു കിട്ടുന്നതുക എത്ര?

കൃഷിവകുപ്പുമന്ത്രി ശ്രീ. എ. എൽ. ജേക്കബ്:

(എ) ടി. ആൻറ് വി. പദ്ധതിയുടെ കരട്രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. ലോകബാങ്കിന്റെ അംഗീകാരം നേടുന്നതിനുവേണ്ടി അതു കേന്ദ്രഗവൺമെൻറിന് അയച്ചുകൊടുത്തിരിക്കുകയാണ്.

(ബി) ഈ പദ്ധതി നടപ്പിലാക്കുമ്പോൾ ഓരോ പ്രദേശത്തെയും സമഗ്രമായ കാർഷിക വികസനവും വിവിധങ്ങളായ കാർഷിക വിളകളുടെ ഉൽപ്പാദനക്ഷമതാവർദ്ധനവും ലക്ഷ്യമാക്കിക്കൊണ്ടുള്ള ഒരു കാർഷിക വികസന ഉപദേശ വിഭാഗം നിലവിൽവരും. ഇതിലേക്ക് നിയോഗിക്കപ്പെടുന്ന ഗ്രാമതലപ്രവർത്തകൻ പതിനഞ്ചു ദിവസത്തിലൊരിക്കൽ ഒരു നിശ്ചിത ദിവസം ഓരോ പ്രദേശവും സന്ദർശിച്ച് കർഷകർക്ക് വരുന്ന പതിനഞ്ചു ദിവസങ്ങൾക്കകം അനുഷ്ഠിക്കേണ്ട ശാസ്ത്രീയ കാർഷിക

LIBRARY ARCHIVES Kerala Legislative Assembly